# ACADEMIC MASTER PLAN

2025 - 2026

## GLPS AMBALAKKARA

GNANODHAYAM L.P.S. AMPALAKARA
VALAKOM
691532
AMPALAKARA. P.O.

Daisy. C.D
Headmistress
PEN: 499994
Gjanodhayam L.P.S
Ampalakara

# ആമുഖം

97 വർഷം പഴക്കമുള്ള അമ്പലക്കര ജ്ഞാനോദയം എൽ.പി.എസ് വാളകം അമ്പലക്കര പനവേലി എന്നീ പ്രദേശങ്ങളുടെ മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നു. വിദ്യാഭ്യാസ മേഖലയിൽ ഓരോ വർഷവും വ്യത്യസ്ത മേഖലകളിൽ സമഗ്ര സംഭാവനകൾ നൽകി കൊണ്ട് മുന്നേറുന്നു.

അമ്പലക്കര ജി.എൽ.പി. എസിൽ പ്രീപ്രൈമറി ഉൾപ്പെടെ വിദ്യാർത്ഥികൾ പഠിക്കുന്നു. അധ്യാപകർ ഉൾപ്പെടെ ജീവനക്കാർ സ്കൂളിൽ ഉണ്ട്. സ്കൂളിന് സ്വന്തമായി രണ്ട് നില കോൺക്രീറ്റ് കെട്ടിടവും ഓടിട്ട മറ്റൊരു കെട്ടിടവും ആധുനിക സൗകര്യങ്ങളുള്ള അടുക്കളയും ഉണ്ട്. അനുദിനം മാറ്റങ്ങൾ ഉൾക്കൊണ്ട് നൂതനമായ പ്രവർത്തനങ്ങളിലൂടെ അമ്പലക്കര ജി.എൽ.പി.എസ്. ഈ ഗ്രാമത്തിന്റെ തിലകക്കുറിയായി നിലകൊള്ളുന്നു.

# ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.

2. ഓരോ ഘട്ടവും പൂർത്തിയാക്കുമ്പോഴും കുട്ടി നേടേണ്ട അറിവും ശേഷികളും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കുന്നു.

3. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം ഭാഷകൾ സംസാരിക്കുവാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പു വരുത്തുന്നു.

4. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്ര മനോഭാവം ഉണ്ടാക്കുക.

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പാഠഭാഗം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാവനാടകം, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

### പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി     ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാകുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം   സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കാം
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
* തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കണ്ടെത്തുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
* സ്വന്തമായി രചനകൾ നടത്തി കണ്ടെത്തുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
* കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
* കുട്ടികളുടെ രചനകൾ ചേർത്ത് കണ്ടെത്തുത്ത പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
* സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
* സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
* എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒറ്റക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒറ്റക്ക സംഖ്യകളുടെ വ്യവകലനം.
- ഒറ്റക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒറ്റക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

### ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

### ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

### ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

### സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒറ്റക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒറ്റക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

### ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

### നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനവരി

- ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

## Learning objectives (First term)

- Able to describe familiar objects orally stating physical attributes such as size, colour etc.
- Familiarises with words denoting colours and numbers (1-10)
- Familiarise with the rhythm and pattern of songs.
- Able to add own lines to a given song by substituting words / phrases.
- Able to read conversations, songs & simple descriptions graphically.
- Familiarise with words denoting possession (has/have)

## Activities

- Attendance activity
- Games
- Guess the colour
- Colour and find out
- Find out the vehicles
- Let's read
- Adding lines
- Descriptions
- Conversations
- Stories
- Games
- Beehive activities
- Reading cards
- Puzzles
- Riddles
- colouring

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ്:-2


| | |
|---|---|
| ❖ വിദ്യാലയത്തിൻ പേര്: | G. L. P. S. Ampalakoza |
| ❖ ക്ലാസധ്യാപകന്റെ പേര്: | DAISY. C. D |
| ❖ രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം: | II - |
| ❖ പ്രത്യേക പരിഗണന ആവശ്യമുള്ളവർ: | - |
| ❖ ഗോത്രവർഗ വിഭാഗത്തിൽപ്പെടുന്നവർ: | - |

**അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ**

- ❖ 1. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് തെറ്റില്ലാതെ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുക. (മലയാളം, ഇംഗ്ലീഷ്)
- ❖ 2. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉൾപ്പെടുന്ന രചനകൾ വായിക്കാൻ കഴിവ് നേടുക.(മലയാളം, ഇംഗ്ലീഷ്)
- ❖ 3. രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുക.
- ❖ 4. രക്ഷിതാക്കളെ സംബന്ധിച്ച പങ്കാളിത്തം ഉറപ്പാക്കാനുള്ള രീതികൾ വികസിപ്പിക്കുക.
- ❖ 5. ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ❖ 6. ആശയാവതരണ രീതികളുടെ പ്രയോഗ്യതയും സാധ്യതയും ഗൗരവമായി പഠിക്കുക.
- ❖ 7. സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക.
- ❖ 8. പരിസര പഠനവുമായി ബന്ധമുള്ള ലഘു നിർമാണപ്രോജക്ടുകളിൽ ധാരണ നേടുക.

.ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

- ❖ 1. പഠനോപകരണ ശില്പശാലകൾ (ഓരോ യൂണിറ്റിനും).
- ❖ 2. ക്ലാസ് പി.ടി.എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ നൽകി).
- ❖ 3. എസ്.ആർ.ജി യോഗത്തിലെ പരിശീലന അനുഭവ റിപ്പോർട്ട് അവതരണം.
- ❖ 4. കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും.
- ❖ 5. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും.
- ❖ 6. പരീക്ഷണോത്സവം, പഠനപ്രവർത്തനങ്ങൾക്കൊപ്പം കുട്ടികൾ ഏർപ്പെടുന്ന ലഘു പരീക്ഷണങ്ങൾ.
- ❖ 7. സചിത്ര ഡയറി, സംയുക്ത ഡയറി ആശയം രക്ഷിതാക്കളെ ബോധിപ്പിക്കൽ.
- ❖ 8. പഠന പുരോഗതിയുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യമായ ശില്പശാലകൾ.
- ❖ 9. കുട്ടികളുടെ സ്വയം വിലയിരുത്തലും പരസ്പര വിലയിരുത്തലും അധ്യാപക-രക്ഷിതൃമാർഗ്ഗത്തിലും.
- ❖ 10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ.
- ❖ 11. വായനോത്സവം, രചനോത്സവം.
- ❖ 12.12. ലഹരി ബോധവത്കരണം



# ഉള്ളടക്കം


- ആമുഖം
- പ്രവർത്തനകലണ്ടർ
- പ്രത്യേക പ്രവർത്തന പാക്കേജ്
- പ്രവർത്തനം വിശദാംശങ്ങൾ :-മലയാള മധുരം
- സംയുക്ത ഡയറി
- പാട്ടരങ്ങ്
- നാട്ടുവിശേഷം കൂട്ടെഴുത്ത്
- റീഡേഴ്സ് തിയേറ്റർ
- ക്ലാസ് പത്രം
- ഭാഷോത്സവം
- രചനോത്സവം
- അരങ്ങത്തേക്ക്
- പരീക്ഷണോത്സവം
- സമഗ്ര പുരോഗതി രേഖ
- അക്കാദമിക മോണിറ്ററിങ്
- വികാസപ്രദ വിലയിരുത്തൽ
- വാർഷികാസൂത്രണം
- ഒന്നാം term pta അജണ്ട
- സമഗ്രാസൂത്രണം (വിഷയാടിസ്ഥാനത്തിൽ)
- ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ

# പ്രത്യേക പ്രവർത്തന പാക്കേജ്

വിദ്യാലയങ്ങളിലെ ക്ലാസ് തല പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള 2025 **ജൂൺ 3 മുതൽ ജൂൺ 13** വരെയുള്ള തീയതികളിൽ ലോവർ പ്രൈമറി (എൽ.പി) തലത്തിലെ **വിദ്യാർത്ഥികൾക്കായി** നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഈ രേഖ. അടിസ്ഥാനപരമായ ധാരണകളും കഴിവുകളും വികസിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട്, അടിസ്ഥാന ആശയങ്ങൾ, സുരക്ഷ, ക്ഷേമം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, വിവിധ ആകർഷകമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ആവശ്യമായ ധാരണകളും കഴിവുകളും വളർത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

എൽ.പി. തലത്തിലെ വിദ്യാർത്ഥികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത പ്രവർത്തനങ്ങളുടെ സംഗ്രഹം താഴെ നൽകുന്നു:

പിന്തുണ അവലംബങ്ങൾ:-

1) വളരുന്ന കുട്ടികൾക്കൊപ്പം - രക്ഷിതാവറിയാൻ (കൈപ്പുസ്തകം)

2) ജീവിതപാഠം (കൈപ്പുസ്തകം)

3) a) തെളിവാനം വരയ്ക്കുന്നവർ(പുസ്തകം, അതിനായുള്ള മൊഡ്യൂൾ)

b) ലഹരി എന്ന തിരിച്ചറിവ്- കുറിപ്പ്

4) സുരക്ഷിതയാത്ര (കൈപ്പുസ്തകം)

5) മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - ശുചിത്വവിദ്യാലയം

6)ഹരിതവിദ്യാലയം പ്രവർത്തനമാർഗ്ഗരേഖ

7) ആരോഗ്യം, വ്യായാമം, കായികക്ഷമത

- കൗമാര ആരോഗ്യം (RKSK) മാർഗ്ഗരേഖ
- ഉല്ലാസപ്പറവകൾ- കൈപ്പുസ്തകം
- സ്കൂൾ ഹെൽത്ത് & വെൽനസ്സ് പ്രോഗ്രാം - മാർഗ്ഗരേഖ
- ആക്ടിവിറ്റി ബുക്ക്.
- ആരോഗ്യ ജാഗ്രത - മാർഗ്ഗരേഖ
- സ്കൂൾ ആരോഗ്യ പരിപാടി - മാർഗ്ഗരേഖ

## എൽ.പി. തലത്തിലെ പ്രവർത്തന സംഗ്രഹം, ദിവസം തിരിച്ച്:-

**2025 ജൂൺ 3:** പൊതു വിഷയങ്ങൾ

സ്കൂളിലെ ആദ്യ ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെയും പരസ്പരം പരിചയപ്പെടാനുള്ള അവസരങ്ങൾ നൽകണം. നിലവിലുള്ള സ്കൂൾ നിയമങ്ങളും സൗകര്യങ്ങളും എങ്ങനെ ഉപയോഗിക്കാമെന്നും ക്ലാസ് മുറിയിലും സ്കൂൾ മൈതാനത്തും എങ്ങനെ ശരിയായി പെരുമാറണം എന്നതിനെക്കുറിച്ചുള്ള പൊതുവായ ധാരണ വളർത്താൻ ഈ സെഷൻ ലക്ഷ്യമിടുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - പരസ്പരം പരിചയപ്പെടൽ: വിദ്യാർത്ഥികൾക്ക് സ്വയം പരിചയപ്പെടുത്താനും പരസ്പരം അറിയാനുമുള്ള അവസരങ്ങൾ ലഭിക്കും.
  - അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ: വിദ്യാർത്ഥികൾക്ക് അവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കിടാം.

- **വിദ്യാലയത്തെ മനസ്സിലാക്കൽ:** സ്കൂളിന്റെ വിവിധ ഭാഗങ്ങളായ കെട്ടിടം, ഓഫീസ്, സ്റ്റാഫ് റൂം, സ്റ്റോർ, ടോയ്‌ലറ്റുകൾ (ശരിയായ ഉപയോഗത്തെക്കുറിച്ചുള്ള കുറിപ്പുകളോടെ), കളിസ്ഥലം, ആരോഗ്യ സംരക്ഷണ നടപടികൾ, പകർച്ചവ്യാധി പ്രതിരോധം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, പൂന്തോട്ടങ്ങൾ (പൂന്തോട്ടം, അടുക്കളത്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം), സസ്യ വൈവിധ്യം, ലൈബ്രറി എന്നിവയെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാൻ പ്രവർത്തനങ്ങൾ സഹായിക്കും.
- **രീതിശാസ്ത്രം:** നിരീക്ഷണം, ചർച്ചകൾ, കുറിപ്പുകൾ തയ്യാറാക്കൽ, ലളിതമായ ജോലികൾ എന്നിവയിലൂടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.

## **2025 ജൂൺ 4:** സുരക്ഷയും ഗതാഗതവും

പ്രാഥമിക തലത്തിലുള്ള കുട്ടികൾക്കായി സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട്, വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ വികസിപ്പിക്കുന്നതിൽ ഈ ദിവസം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

- **പ്രധാന പ്രവർത്തനങ്ങൾ:**
  - **റോഡ് സുരക്ഷാ ചർച്ച:** റോഡിലൂടെ എങ്ങനെ നടക്കണം, റോഡ് എങ്ങനെ മുറിച്ചുകടക്കണം, നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുടെ പിന്നിലൂടെയോ മുന്നിലൂടെയോ റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്രാ ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടക്കും.
  - **മോക്ക് ഡ്രിൽ:** സ്കൂൾ കോമ്പൗണ്ടിൽ വെച്ച് റോഡ് യാത്രാ സാഹചര്യങ്ങൾ അനുകരിച്ച് വാഹനങ്ങളായും കാൽനടയാത്രക്കാരായും കുട്ടികൾ പങ്കെടുക്കുന്ന ഒരു മോക്ക് ഡ്രിൽ നടത്തും.
  - **സ്കൂൾ വാഹന സുരക്ഷ:** സ്കൂൾ ബസുകളിലോ, ഓട്ടോറിക്ഷകളിലോ, മറ്റ് വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട മുൻകരുതലുകളും നിയമങ്ങളും, കയറുമ്പോഴും യാത്ര ചെയ്യുമ്പോഴും ഇറങ്ങുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

## **2025 ജൂൺ 5:** ശുചിത്വം, പരിസ്ഥിതി, സൗന്ദര്യവൽക്കരണം , മാലിന്യമുക്ത വിദ്യാലയം

ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെടുത്തി വ്യക്തിഗത ശുചിത്വം, പരിസര ശുചിത്വം, ഹരിതവും മനോഹരവുമായ സ്കൂൾ കാമ്പസ് വളർത്തൽ എന്നിവയ്ക്ക് ഈ ദിവസത്തെ പ്രവർത്തനങ്ങൾ പ്രാധാന്യം നൽകുന്നു.

- **പ്രധാന പ്രവർത്തനങ്ങൾ:**
  - വ്യക്തിഗത ശുചിത്വം (**10** മിനിറ്റ്):
    - ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട് പാടുക.
    - ദൈനംദിന ശുചിത്വ ശീലങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സർവ്വേ നടത്തുക (ഉദാഹരണത്തിന്, ദിവസവും രണ്ടുനേരം പല്ല് തേക്കൽ, കുളി, വൃത്തിയുള്ള നഖങ്ങൾ, ഭംഗിയുള്ള മുടി, വൃത്തിയുള്ള പാദരക്ഷകൾ, വൃത്തിയുള്ള സ്കൂൾ ബാഗ്).
    - എല്ലാ ശുചിത്വ ശീലങ്ങളും സ്ഥിരമായി പാലിക്കുന്ന വിദ്യാർത്ഥികളെ അഭിനന്ദിക്കുക.
    - ആരോഗ്യത്തിനും സന്തോഷത്തിനും സ്ഥിരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർവ്വേ പ്രതിമാസം നടത്തണം.
  - പരിസര ശുചിത്വം (**20** മിനിറ്റ്):
    - അധ്യാപകരുമായി ചേർന്ന് സ്കൂൾ പരിസരത്തിലൂടെ ഒരു പ്രകൃതി നടത്തം. ക്ലാസ്സ്‌റൂം, സാധനങ്ങൾ, പ്രിൻസിപ്പലിന്റെ മുറി, സ്റ്റാഫ് റൂം, അടുക്കള/ഭക്ഷണശാല, കൈ കഴുകുന്ന സ്ഥലങ്ങൾ, ടോയ്‌ലറ്റുകൾ എന്നിവയുടെ വൃത്തിയും ചിട്ടയും നിരീക്ഷിക്കുക.
    - നിരീക്ഷണത്തിന് ശേഷം സ്കൂൾ ശുചിത്വം എങ്ങനെ നിലനിർത്താം, സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ പ്രാധാന്യം, വിദ്യാർത്ഥികൾക്ക് എങ്ങനെ പങ്കെടുക്കാം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.

- ഹരിത കാമ്പസ് (20 മിനിറ്റ്):
  - സ്കൂളിനെ പച്ചപ്പാക്കുന്ന സസ്യങ്ങളെക്കുറിച്ചും അവയെ പരിപാലിക്കുന്നതിൽ ഓരോ വ്യക്തിക്കും എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ചും ചർച്ച.
  - ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കൽ.
- വിദ്യാലയ സൗന്ദര്യവൽക്കരണം (10 മിനിറ്റ്):
  - സ്കൂൾ സൗന്ദര്യവൽക്കരണത്തിൽ ഓരോരുത്തരുടെയും ഉത്തരവാദിത്തങ്ങളെക്കുറിച്ചും ഒരു പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ചും ചർച്ച.

**2025 ജൂൺ 9:** പൊതുവായ ആരോഗ്യം

പൊതുവായ ആരോഗ്യപരമായ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദിവസമാണിത്. പോഷകാഹാരം, ശുചിത്വം, വ്യായാമം, ഉറക്കം, മാനസികാരോഗ്യം, ആരോഗ്യ മര്യാദകൾ എന്നിവ പോലുള്ള പ്രധാന മേഖലകളിൽ ധാരണ വളർത്താൻ ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

- പ്രധാന പ്രവർത്തനങ്ങൾ:
  - തലമുടി മുതൽ കാൽ വരെ പരിചരണം: ദൈനംദിന വ്യക്തിഗത ശുചിത്വ പരിചരണ രീതികളെക്കുറിച്ചുള്ള പാഠങ്ങൾ:
    - തലയും മുടിയും: ദിവസവും മുടി കഴുകുക, നന്നായി ഉണക്കുക, ഭംഗിയായി ചീകുക.
    - മുഖം: ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കഴുകുക.
    - കണ്ണുകൾ: കാഴ്ച സംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ഇലക്കറികളും മഞ്ഞ പഴങ്ങളും കഴിക്കുക.
    - മൂക്ക്: മൂക്കൊലിപ്പ് ഉണ്ടാകുമ്പോൾ മൂക്കിൽ വിരലിടുകയോ ബലമായി ചീറ്റുകയോ ചെയ്യാതിരിക്കുക, വൃത്തിയുള്ള തൂവാല ഉപയോഗിക്കുക.
    - വായ, നാവ്, പല്ലുകൾ: വായ, നാവ്, പല്ലുകൾ എന്നിവ നന്നായി വൃത്തിയാക്കുക. ആഹാരശേഷവും ലഘുഭക്ഷണശേഷവും മധുരപലഹാരങ്ങൾ കഴിച്ച ശേഷവും പാനീയങ്ങൾ കുടിച്ച ശേഷവും വായ നന്നായി കഴുകുക. ദിവസവും രണ്ടുനേരം പല്ല് തേക്കുക.
    - ചെവികൾ: കേൾവിക്കുറവുകളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ചെവിയിൽ വസ്തുക്കൾ കടത്താതിരിക്കുക, ഇയർഫോൺ ഉപയോഗം കുറയ്ക്കുക, കുറഞ്ഞ ശബ്ദത്തിൽ കേൾക്കുക.
    - കൈകൾ: സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടെ കൈ കഴുകുക, നഖങ്ങൾ വൃത്തിയായി ചെറുതാക്കി സൂക്ഷിക്കുക, മലവിസർജ്ജന ശേഷം സോപ്പ് ഉപയോഗിച്ച് നിർബന്ധമായും കൈ കഴുകുക.
    - പാദങ്ങൾ: നഖങ്ങൾ ചെറുതാക്കി വൃത്തിയായി സൂക്ഷിക്കുക, പൊതു സ്ഥലങ്ങളിലും കളിസ്ഥലങ്ങളിലും ചെരിപ്പ് ധരിക്കുക, വീടിനകത്ത് പാദരക്ഷകൾ ഒഴിവാക്കുക, വീട്ടിൽ തിരിച്ചെത്തുമ്പോൾ പാദങ്ങൾ കഴുകുക.
    - ശരീര ശുചിത്വം: ദിവസവും കുളിക്കുക, ശരീരം നന്നായി ഉണക്കുക, വൃത്തിയുള്ളതും വെയിലത്ത് ഉണക്കിയതുമായ വസ്ത്രങ്ങൾ ധരിക്കുക, അടിവസ്ത്രങ്ങളുടെ ശുചിത്വത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുക.
  - പോഷകാഹാരം: വളർച്ചയ്ക്കും ഊർജ്ജത്തിനും ഉണർവിനും പ്രതിരോധശേഷിക്കും സൗന്ദര്യത്തിനും പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, ധാതുക്കൾ, വിറ്റാമിനുകൾ, നാരുകൾ എന്നിവ ഉൾപ്പെടുന്ന സമീകൃതാഹാരത്തെക്കുറിച്ച് ചർച്ച ചെയ്യുക. പ്രഭാതഭക്ഷണം പൂർണ്ണമായി കഴിക്കേണ്ടതിന്റെ പ്രാധാന്യം. ഉപ്പ്, പഞ്ചസാര, എണ്ണ, മൈദ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുക. നിറമുള്ള പഴങ്ങളും പച്ചക്കറികളും കഴിക്കുക. ഭക്ഷണം ശരിയായി സൂക്ഷിക്കുക, ധാരാളം വെള്ളം കുടിക്കുക. ആഹാരത്തിന് മുമ്പ് കൈ കഴുകുക, ശേഷം വായ കഴുകുക. ഫാസ്റ്റ്ഫുഡ് ഇടയ്ക്കിടെ മാത്രം കഴിക്കുക, ദിവസവും കഴിക്കാതിരിക്കുക. കാർബണേറ്റഡ് പാനീയങ്ങൾ പരിമിതപ്പെടുത്തുക. കുടിവെള്ളത്തിനായി ടാപ്പ് വെള്ളം തിളപ്പിക്കാൻ ശുപാർശ ചെയ്യുന്നു. വിളർച്ചയ്ക്കുള്ള WIFS ഗുളികകളെക്കുറിച്ചുള്ള വിവരങ്ങൾ. ഭക്ഷണം പാഴാക്കാതിരിക്കാൻ പ്രോത്സാഹിപ്പിക്കുക.
  - കണ്ണുകളുടെ സംരക്ഷണം: വായനയ്ക്കും പഠനത്തിനും നല്ല വെളിച്ചം നിലനിർത്തുക, മങ്ങിയ വെളിച്ചത്തിലോ ചലിക്കുന്ന വാഹനങ്ങളിലോ വായിക്കുന്നത് ഒഴിവാക്കുക. മൊബൈലുകളിലും

ടാബ്‌ലെറ്റുകളിലും സ്ക്രീൻ സമയം പരിമിതപ്പെടുത്തുക, തെളിച്ചവും കോൺട്രാസ്റ്റും 50% അല്ലെങ്കിൽ അതിൽ കുറവാക്കുക. ദീർഘനേരം വായിക്കുമ്പോൾ ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കണ്ണുകൾ കഴുകുക. സ്ക്രീൻ ഉപയോഗത്തിന് "20-20-20-20 നിയമം" പാലിക്കുക.

- ദന്ത സംരക്ഷണം: പുഞ്ചിരിക്കും ദഹനത്തിനും ആരോഗ്യമുള്ള പല്ലുകളുടെ പ്രാധാന്യം ഊന്നിപ്പറയുക. ഏതെങ്കിലും ഭക്ഷണത്തിനോ പാനീയത്തിനോ ശേഷം വായയും പല്ലുകളും ശരിയായി വൃത്തിയാക്കുക. മധുരപലഹാരങ്ങൾ/ചോക്ലേറ്റുകൾ കടിച്ച് കഴിക്കുന്നത് ഒഴിവാക്കി പതുക്കെ കഴിക്കുക. ദിവസവും രണ്ടുനേരം 2 മിനിറ്റ് നേരം മൃദുവായ ബ്രഷും ഫ്ലൂറൈഡ് അടങ്ങിയ ടൂത്ത്പേസ്റ്റും ഉപയോഗിച്ച് പല്ല് തേക്കുക. പല്ലുകളുടെയും മോണകളുടെയും ആറ് പ്രത്യേക ഭാഗങ്ങൾ വൃത്തിയാക്കുക.
- വ്യായാമം/ശാരീരിക പ്രവർത്തനം: ദിവസവും 20-30 മിനിറ്റ് ശാരീരിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക. വീട്ടിൽ വ്യായാമത്തിനുള്ള അവസരങ്ങൾ കണ്ടെത്തുക. ഒരു മണിക്കൂറിലധികം ഇരിക്കുകയാണെങ്കിൽ, 2-3 മിനിറ്റ് നേരത്തേക്ക് എഴുന്നേറ്റ് ചെറിയ ചലനങ്ങൾ ചെയ്യുക. കലാരൂപങ്ങൾ, കളികൾ, യോഗ എന്നിവ ശാരീരിക പ്രവർത്തനങ്ങൾക്ക് സഹായിക്കും.
- മാനസികാരോഗ്യം: ആരോഗ്യകരമായ ശരീരത്തിന് ആരോഗ്യകരമായ മനസ്സിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുക. മെച്ചപ്പെട്ട പഠനം, നല്ല ബന്ധങ്ങൾ, ജീവിത നൈപുണ്യങ്ങൾ വികസിപ്പിക്കൽ, മൊത്തത്തിലുള്ള സന്തോഷം എന്നിവയ്ക്ക് ഇത് പ്രധാനമാണ്.

## 2025 ജൂൺ 10: ഡിജിറ്റൽ അച്ചടക്കം

കുട്ടികൾ ഭക്ഷണം കഴിക്കുമ്പോഴും ഒഴിവു സമയം ചിലവഴിക്കാനുമായി ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതിയോടും അല്ലാതെയും ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നുണ്ട്. ഇത് കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിനാൽ ഡിജിറ്റൽ അച്ചടക്കത്തിനായി താഴെപറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം, ചിത്രരചന, പോസ്റ്റർ നിർമ്മാണം, റോൾപ്ലേ, കഥാരചന തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഏർപ്പെടാവുന്നതാണ്. ഇതു സംബന്ധിച്ച് കുട്ടികളുമായും രക്ഷിതാക്കളുമായും സംവദിക്കുമ്പോൾ ചുവടെപറയുന്ന പ്രയോജനപ്പെടുത്താവുന്നതാണ്. കാര്യങ്ങൾ ചർച്ചാസൂചകമായി

- രക്ഷിതാക്കൾ കുട്ടികളുമായി ചിലവഴിക്കുന്ന സമയം
- ഭക്ഷണം കഴിക്കുമ്പോൾ ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ എന്നിവയുടെ ഉപയോഗം
- ഒരു ദിവസം എത്ര സമയം ഇവ ഉപയോഗിക്കുന്നു.
- കുട്ടിക്ക് ഡിജിറ്റൽ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവ്.
- കുട്ടികൾ അച്ഛന്റെയോ അമ്മയുടെയോ മറ്റ് ബന്ധുക്കളുടെയോ സാമൂഹികമാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്.
- സ്വന്തമായി സാമൂഹികമാധ്യമ അക്കൗണ്ട് തുറക്കാനുള്ള മിനിമം പ്രായത്തെക്കുറിച്ചുള്ള അറിവ്.
- ഡിജിറ്റൽ ഉപകരണങ്ങളുടെ/സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന് കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ. ഫലപ്രദമായ സാമൂഹിക പരമായ പ്രയാസങ്ങൾ.
-

ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും
ഈ സംഗ്രഹം, നിർദ്ദിഷ്ട തീയതികളിൽ എൽ.പി. തലത്തിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ള

**1:** പൊതുമുതൽ സംരക്ഷണം

**2025 ജൂൺ 11:** പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുകയും, തങ്ങളുടെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും പൊതുസ്ഥാപനങ്ങളെ പരിപാലിക്കുന്നതിനും അവരെ പ്രാപ്തരാക്കുക എന്നതുമാണ് ഈ വിഷയത്തിലൂടെ ലക്ഷ്യമിടുന്നത്. പൊതുമുതൽ സമൂഹത്തിന്റെ സ്വത്താണെന്നും അത് സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്നും അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

പ്രധാന പ്രവർത്തനങ്ങൾ:

- അവബോധ ക്ലാസ്സുകൾ:
  - പൊതുമുതൽ എന്താണെന്നും അത് എങ്ങനെ സമൂഹത്തെ സഹായിക്കുന്നുവെന്നും വിദ്യാർത്ഥികൾക്ക് വിശദീകരിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
  - പൊതുമുതൽ നശിപ്പിക്കുന്നത് സമൂഹത്തിന് വരുത്തുന്ന നഷ്ടങ്ങളെക്കുറിച്ച് ഉദാഹരണ സഹിതം വിവരിക്കുക.
- ശുചീകരണ യജ്ഞങ്ങൾ:
  - സ്കൂൾ വളപ്പിലും പരിസരത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പ്രായോഗികമായി മനസ്സിലാക്കാൻ അവസരം നൽകുക.
- മാതൃകാപരമായ പെരുമാറ്റം:
  - പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും, പൊതുസ്വത്ത് ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ചും വിദ്യാർത്ഥികളെ പഠിപ്പിക്കുക.
  - പൊതു ടോയ്ലറ്റുകൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ തുടങ്ങിയവ എങ്ങനെ ശരിയായി ഉപയോഗിക്കണമെന്ന് വിശദീകരിക്കുക.
- ചുമർ ചിത്രങ്ങളും സന്ദേശങ്ങളും:
  - പൊതുമുതൽ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചുമർ ചിത്രങ്ങൾ വരയ്ക്കാനും സന്ദേശങ്ങൾ തയ്യാറാക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
  - സ്കൂളിലെയും പൊതു ഇടങ്ങളിലെയും വസ്തുക്കൾ തങ്ങളുടേതാണെന്ന ചിന്ത വളർത്തുക.
  -

**2025 ജൂൺ 13:** രാസ-ലഹരി, മൊബൈൽ അഡിക്ഷൻ

ആധുനിക സമൂഹത്തിൽ വർദ്ധിച്ചുവരുന്ന രാസലഹരിയുടെയും മൊബൈൽ അഡിക്ഷന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകി, അവയിൽ നിന്ന് അവരെ സംരക്ഷിക്കുക എന്നതാണ് ഈ വിഭാഗം ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും ക്രിയാത്മകമായ വിനോദങ്ങളിലേക്ക് അവരെ ആകർഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

പ്രധാന പ്രവർത്തനങ്ങൾ:

- ബോധവൽക്കരണ സെമിനാറുകൾ:
  - രാസലഹരി വസ്തുക്കളുടെ ഉപയോഗം ശരീരത്തിനും മനസ്സിനും വരുത്തുന്ന ദോഷങ്ങളെക്കുറിച്ച് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുക.
  - മൊബൈൽ ഫോണുകളുടെയും മറ്റ് സ്ക്രീൻ ഉപകരണങ്ങളുടെയും അമിത ഉപയോഗം പഠനത്തെയും ആരോഗ്യത്തെയും സാമൂഹിക ബന്ധങ്ങളെയും എങ്ങനെ ബാധിക്കുന്നു എന്ന് വിശദീകരിക്കുക.
- ലഘുലേഖകളും പോസ്റ്ററുകളും:
  - ലഹരിയുടെയും അമിത മൊബൈൽ ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക.
  - വിദ്യാർത്ഥികളെക്കൊണ്ട് പോസ്റ്ററുകളും മുദ്രാവാക്യങ്ങളും തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കുക.
- ആരോഗ്യകരമായ വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക:
  - പുറത്ത് കളികൾ, വായന, സംഗീതം, ചിത്രരചന, നൃത്തം തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെടാൻ

    വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
    - സ്കൂളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി, കുട്ടികളെ അവയിലേക്ക് ആകർഷിക്കുക.
- കൗൺസിലിംഗ് സൗകര്യം:
    - അമിതമായി മൊബൈൽ ഉപയോഗിക്കുന്നതോ, ലഹരിക്ക് അടിമപ്പെടാൻ സാധ്യതയുള്ളതോ ആയ കുട്ടികളെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുക.
    - മാതാപിതാക്കൾക്ക് ഈ വിഷയങ്ങളെക്കുറിച്ച് അവബോധം നൽകുകയും കുട്ടികളെ നിരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- മാതൃകയാവുക:
    - അധ്യാപകരും രക്ഷിതാക്കളും മൊബൈൽ ഫോണിന്റെയും ലഹരിയുടെയും കാര്യത്തിൽ മാതൃകയാകേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുക.
    - ക്ലാസ് മുറികളിൽ മൊബൈൽ ഫോൺ ഉപയോഗത്തിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.



# മാസ്റ്റർ പ്ലാൻ പ്രവർത്തന വിശദാംശങ്ങൾ

## മലയാളം മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാഷാവികാസത്തിന് ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ സാധ്യതയൊരുക്കുന്നു.

**പ്രവർത്തന ലക്ഷ്യങ്ങൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.
-

**പ്രവർത്തന ഘട്ടങ്ങൾ:**

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു (മെയ് 2025 അവസാനം).
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ 2025 ആദ്യവാരം).
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു (ജൂൺ 2025).
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കഥോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു (ഓരോ ടേമിലും).
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ച് പ്രകാശനം നടത്തുന്നു (ജനുവരി 2026).
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.
-

**വിലയിരുത്തൽ:**

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, PTA, HM സാമ്പത്തികം: PTA, SSK

# സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാക്കുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

ലക്ഷ്യ പ്രസ്താവനകൾ:

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു, രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ 2025 മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി).
-

വിലയിരുത്തൽ:

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ സാധ്യത ഒരുക്കിയിട്ടുണ്ട്.

- തുടക്കം മുതലേ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

ലക്ഷ്യ പ്രസ്താവനകൾ:

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു.
- രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- പാട്ടരങ്ങ് ഏകദിന ശില്പശാല, പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ 2025 രണ്ടാം വാരം).
- തുടർ പാഠഭാഗങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടുവതരണവും ആവിഷ്കാരവും), വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാകാർഡുകളാക്കൽ (ജൂൺ 15, 2025 മുതൽ ഫെബ്രുവരി 2026 വരെ).
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് 2026 രണ്ടാം വാരം).
-

വിലയിരുത്തൽ:

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ.യുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

- പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ്സ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപാഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രകൃതി ഒരു നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പു വരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

### ലക്ഷ്യപ്രസ്താവനകൾ

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- . നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവ രുത്തി ക്ലാസ് പ്രവർത്തനങ്ങൾ
- ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.

  പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)

- കണ്ടെത്തലുകളുടെഅവതരണം.കൂട്ടെഴുത്ത് നടക്കുന്നു.എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.പതിപ്പ് തയ്യാറാക്കൽ.പാഠഭാഗത്തിന്അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.
പ്രവർത്തനംഅവലോകനം.

വിലയിരുത്തൽ

(ജൂലൈഅവസാനം)
പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.
മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)
വിലയിരുത്തൽ
ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.
പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു
കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.

ചുമതല :

ക്ലാസ് ടീച്ചർ, PTA, HM
സാമ്പത്തികം :SSK

## റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം എന്നിവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാ മികവ് ഉണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. ഉടമ വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യ വായനക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

ലക്ഷ്യ പ്രസ്താവനകൾ:

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:

- റീഡേഴ്സ് തിയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ).
- ക്ലാസ് പി.ടി.എ.യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പ് വരുത്തലും (2025 ജൂൺ മൂന്നാം വാരം).
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം).
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ - 2026 മാർച്ച്).
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ - 2026 മാർച്ച്).
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2026 മാർച്ച് രണ്ടാം വാരം).

# വാർഷിക ആസൂത്രണം

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| ജൂൺ | • അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം-സന്നദ്ധത പ്രവർത്തനങ്ങൾ<br>• പ്രവേശനോത്സവ ദിനം<br>• ക്ലാസ് പിടിഎ തീയതികൾ (തീയതി എഴുതിച്ചേർക്കണം)<br>• നിർവഹണ ഉദ്ഘാടനം (തീയതി)<br>• പഠനോപകരണം നിർമ്മാണ ശില്പശാല (തീയതി)<br>• ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരണം (തീയതി)<br>• ഡോക്യുമെന്റേഷൻ തുടക്കം | സന്നദ്ധത പ്രവർത്തനങ്ങൾ<br>മഴയോ മഴ<br>അടുക്കളയിലെ രൂപങ്ങൾ<br>An Umbrella For All | 20 |
| ജൂലൈ<br>ജല | • ജല പരീക്ഷണങ്ങൾ<br>ജല സംരക്ഷണ പ്രവർത്തനങ്ങൾ<br>• കടംകഥ, സംഭാഷണം, പോസ്റ്റർ<br>• ക്ലാസ് പിടിഎ യോഗം വിലയിരുത്തൽ | നന്നായ് ഉണ്ണാൻ<br>ഒളിച്ചേ, കണ്ടേ<br>An Umbrella For All | 20 |
| ആഗസ്റ്റ് | • കാർഷിക ഉപകരണങ്ങൾ പ്രദർശനം<br>ആഹാര രീതികൾ<br>• രചനോത്സവം<br>• പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതികളിലേക്ക് ക്ലാസ് പി.ടി.എയിൽ കുട്ടികളുടെ തൽസമയ പ്രകടനങ്ങൾ<br>• വായനോത്സവം | എന്താണമ്മേ സ്വാതന്ത്ര്യം<br>നല്ല നാടിനായ് നല്ല നാളേക്കായ്<br>A Piece Of Cake | 15 |

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| സെപ്റ്റംബർ | • കഥകൾ,സംഭാഷണങ്ങൾ അവതരണം<br>• ഡയറി എഴുത്ത്<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• പട്ടിക വിശകലനം<br>• ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങളേക്കാൾ<br>• Mask making,Role Plays | പൂരം,<br>പൊടിപൂരം<br>സമ്മാനപ്പൊതി<br>A Piece Of Cake | |
| ഒക്ടോബർ | • കഥകൾ ,സംഭാഷണങ്ങൾ ചിഹ്നങ്ങൾ ചേർക്കൽ കുട്ടിക്കവിതകൾ<br>• 100 ന്റെ കൂട്ടങ്ങളാക്കൽ ,<br>• സംഖ്യകൾ താരതമ്യം | രുചിമേളം<br>ഒന്നായ് ചേരാം<br>നന്നായ് വളരാം<br>The Village Of Birds | |
| നവംബർ | • മുഖമൂടി നിർമാണം സംഭാഷണം രൂപപ്പെടുത്തൽ ദൃശ്യാവിഷ്കാരം<br>• Conversation<br>• Role plays<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• താരതമ്യം ചെയ്യൽ<br>• പട്ടികപ്പെടുത്തൽ | | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |



jibin550@gmail.com

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# അക്കാദമിക് മാസ്റ്റർപ്ലാൻ

ക്ലാസ് 3

## മലയാളം

<u>ലക്ഷ്യങ്ങൾ:-</u>
പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല്...മുതലായവ ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കും (വിവരണം, സംഭാഷണം)

<u>**ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-**</u>

<u>**ജൂൺ - ജൂലായ്**</u>

**1. കനകച്ചിലങ്ക**

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം

- കഥാശേഖരം -ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

- കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

- പാവ നാടകത്തെ അടുത്തറിയാം - ശില്പശാല

-
-

## ആഗസ്റ്റ്, സെപ്തംബർ

[redacted]

### 2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ
-
-
-

### സി പി ടി എ ഒന്നാം മികവുത്സവം

നാടോടിക്കഥകളുടെ അവതരണം
നാടൻ പാട്ടുകളുടെ അവതരണം
പാവനാടകം അവതരണം,

## ഒക്ടോബർ

### 3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ:_ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
- നാടൻ പാട്ട് ശില്പശാല
-
-

**ജൂൺ - ജൂലായ്**

[redacted]

യൂണിറ്റ് 1 – രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ
തോരണം നിർമാണം, തോണി നിർമ്മാണം (കളർ A4)
വെജിറ്റബിൾ പ്രിൻറിംഗ്
ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

**ജൂലായ്, ആഗസ്റ്റ്**

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്.
1 മുതൽ 100 വരെ എഴുതിയ ടോക്കൺ
കളിനോട്ടുകൾ
ഓരോ നോട്ടുകളും 10 എണ്ണം വീതം
കമ്പ് കെട്ടുകൾ
സംഖ്യാ സ്ട്രിപ്പുകൾ
അബാക്കസ് നിർമ്മാണം.

**ആഗസ്റ്റ്, സെപ്തംബർ**

പ്രയോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

**ഒക്ടോബർ**

സ്കെയിൽ നിർമ്മാണം
കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്യാമ്പ്

**നവംബർ, ഡിസംബർ**

ഗുണന വസ്തുത കാർഡ് നിർമ്മാണം

ക്ലാസ്: മൂന്ന്　　　　　വിഷയം: പരിസര പഠനം

ലക്ഷ്യം : 1

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - ഒക്ടോബർ | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെന്ററി പ്രദർശനം)<br>• ചർച്ച - തെറ്റും ശരിയും |
| 2 | ജൂൺ - മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3 | ജൂൺ - മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ |
| 4 | ജൂൺ | പോസ്റ്റർ നിർമ്മാണം<br>• പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ. |
| 5 | മാർച്ച് - മെയ് | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. |

ലക്ഷ്യം : 2
## കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - മാർച്ച് | ദിന കൃത്യങ്ങൾ<br>• ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| 2 | ജൂലൈ - മാർച്ച് | നമ്പർ വൺ<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. |
| 3 | ജൂൺ - ഡിസംബർ | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ |
| 4 | ജൂലൈ _ മാർച്ച് | നല്ല ശീലം<br>• പോസ്റ്ററുകൾ തയ്യാറാക്കാം.<br>• പരിസരങ്ങളിൽ പതിക്കാം. |

ലക്ഷ്യം : 3
## ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജനുവരി-മാർച്ച് | ഫീൽഡ് ട്രിപ്പ്<br>• നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc) |
| 2 | ഡിസംബർ - ഫെബ്രുവരി | പരീക്ഷണങ്ങൾ<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ - ഫെബ്രുവരി | ശാസ്ത്രജ്ഞനോടൊപ്പം<br>• ക്യാമ്പ്<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4 | ജനുവരി-മാർച്ച് | പക്ഷി നിരീക്ഷണം<br>• ക്യാമ്പ്<br>• പക്ഷി നിരീക്ഷണത്തിന് അവസരം |

Standard: 3 -2024-25

English - Master plan

AIM-

To speak, Read & write English without any mistakes

Time:- June to march.

To check the vocabulary and writing skills of pupils.

Activities

June and July

Pre test

To develop listening skills and reading skills.

Listening skills:

Games, Action songs.

Find words

Collect and read past tense

Rhyming words

TB Activities

Writing Skills

make word web

picture description

Word chain

Make words & Sentencess

Make riddles, conversations

Add more lines

October and November ~

To express thoughts, feelings etc...

Reading skills

-Library book reading

- Conversations, skit, Stories, use ICT

# Maths

## Std: IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| **കളിക്കാം ഗണിക്കാം** | | | | |
| ഗണിത പഠന സാഹചര്യങ്ങൾ (ചുറ്റുപാടുകൾ ലഭ്യമാക്കൽ) | വിവിധ തരം കളികൾ അന്താക്ഷരി/ നടപ്പാക്കൽ ഏണിയും പാമ്പും ഡയസ് കളി സങ്കലനം, വ്യവകലനം കച്ചവട കളി | വർഷം മുഴുവൻ | SRG Class Tr | |
| **ഒറിഗാമിയിലൂടെ പഠനം** | | | | |
| ഗണിത ശാസ്ത്ര പഠന സാഹചര്യങ്ങൾ / കരകൗശല ശേഷി വികാസം | ഒറിഗാമി രൂപ നിർമ്മാണം / പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയം) | Class Tr | PTA |
| **ഗണിത ലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സാധ്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ / പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG Class Tr | PTA |

| | | | | |
|---|---|---|---|---|
| ഗണിത ഉപകരണങ്ങൾ ശേഖരിച്ച് ക്ലാസ് ലൈബ്രറിയിൽ | ഗണിതച്ചുമർ ഒരുക്കൽ | വർഷം മുഴുവൻ | HM<br>SRG<br>Class Tr | PTA |
| ഗണിതോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമാണം, പ്രദർശനം | ആവശ്യാനുസരണം | Class Tr | PTA |
| ഗണിത മേള | | | | |
| ഗണിത മാസിക പ്രകാശനം | പ്രശ്നോത്തരി പതിപ്പ് പാഠത്തിൽ പഠനോത്പന്ന പ്രദർശനം | വർഷത്തിലൊന്ന് | SRG<br>Class Tr | PTA |

English

Std: IV

ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനുമുള്ള ശേഷി | ആഴ്ചയിൽ 2 ദിവസം അസംബ്ലി ചേരൽ (മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം-മുഴുവൻ | Class Tr | |

ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)

| | | | | |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ. ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം (വർഷം മുഴുവൻ) | Class Tr | |

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മകതാ-പരിപോഷണം | ഇംഗ്ലീഷ് - പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കൽ. (Skit, drama, Conversation, Story telling) | മാസത്തിലൊന്ന് | Class Tr | SMC |

ഇംഗ്ലീഷ് മാഗസിൻ

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മകതാ രചനാ ശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM Class Tr SMC | SMC |

ഇംഗ്ലീഷ് കൈയ്യെഴുത്ത്

| | | | | |
|---|---|---|---|---|
| രചനാ മികവ് | സ്കൂൾ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | Class Tr | PTA |

EVS

Std : IV

പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| നിരീക്ഷണം-അറിവ് നിർമ്മാണം. | ഫീൽഡ് ട്രിപ്പ് | ആവശ്യാനുസരണം | HM<br>CPTA | PTA |

ശാസ്ത്രമേള

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണം സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>Class Tr | PTA<br>SSA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മോഡലുകൾ പ്രദർശനങ്ങൾ<br>ഫോക്‌ലോർ അക്കാദമി | ആവശ്യാനുസരണം June, July | HM<br>SRG<br>CPTA<br>Class Tr | PTA |

ഭൂപടമൊരുക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കേരളം - ഇന്ത്യ ഭൂപട വായന പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>Class Teacher | PTA |

ശാസ്ത്രവിസ്മയ ചുമർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | വാർത്തകൾ ചിത്രങ്ങൾ - പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം<br>June, July | SRG<br>Class Teacher | PTA |

## ശാസ്ത്രോത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക… |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ചാർട്ട് പതിപ്പ് ആൽബം പഠനോപകരണം പരീക്ഷണം പ്രദർശനം. | വർഷത്തിലൊരിക്കൽ | HM SRG Class Tr | PTA |

## ശാസ്ത്രമാസിക

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക… |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം. | വർഷത്തി-ലൊന്ന് | HM SRG Class Tr | PTA |

മേഖല : അക്കാദമിക മാസ്റ്റർ പ്ലാൻ

ഉപമേഖല : ഭാഷ (മലയാളം)

ക്ലാസ് : IV

മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG (Class Tr) | PTA ഫണ്ട് |

വായിക്കാം വളരാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശീലം വളർത്തൽ | ക്ലാസ് വായനാകൂട്ടം<br>ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Tr<br>CPTA | PTA |

| | | | | |
|---|---|---|---|---|
| എഴുത്ത് ശേഷി പോഷിപ്പിക്കൽ | പാഠഭാഗത്തിൽ നിന്നും, പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG Class Tr | PTA |

എഴുത്തുകാരുമായി സംവദിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനശേഷി വർധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Tr | |

കണ്ടറിയാം കേട്ടറിയാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലോകം അറിയിലൂടെ അറിവ് നേടൽ | വിവിധ വീഡിയോകൾ സജ്ജീകരിച്ച് പ്രദർശിപ്പിക്കൽ (പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട്) | ആവശ്യാനുസരണം | Class Tr | PTA |

രുചിച്ചറിയാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാടൻ ഭക്ഷണം പരിചയപ്പെടൽ | ഭക്ഷ്യമേള പാചകക്കുറിപ്പ് - പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG Class Tr PTA | |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ,കവിത യാത്രാനുഭവം/ അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് | ജൂൺ മാസം | മലയാളം അധ്യാപകർ | |

| | | | |
|---|---|---|---|
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം വാർത്താലോകത്തേക്ക്: പത്രം, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ മാസം<br>എല്ലാ ദിവസവും | മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ |
| | വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം അധ്യാപകർ |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു മാസം | മലയാളം അധ്യാപകർ |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | * ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റു കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | * കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി [illegible] | ഇംഗ്ലീഷ് പിരീഡ് | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സമാഹരണം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ | |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ക്ലാസിലും നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിന് പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT-യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ അറിവുകൾ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# മേഖല യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്ക് റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്ക് റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് . . . ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അധ്യാപകർ | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിന് പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇവ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |